പന്ത്രണ്ടാം കേരള നിയമസഭ

ബുള്ളറ്റിൻ - ഭാഗം 2

2009 ജൂൺ 8

നമ്പർ: 489

## അനൗദ്യോഗിക പ്രമേയങ്ങൾക്ക്/ബില്ലുകൾക്ക് നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ്

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം സംബന്ധിച്ച കലണ്ടർ അനുസരിച്ച് 2009 ജൂൺ മാസം 26, ജൂലൈ 10, 17, 24 എന്നീ തീയതികളിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1993 മേയ് 10-ാം തീയതി പുറപ്പെടുവിച്ച 271-ാം നമ്പർ ബുള്ളറ്റിൻ- ഭാഗം 2 പ്രകാരം, 2009 ജൂൺ 26, ജൂലൈ 17 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകൾ ചർച്ചയ്ക്ക് വരുന്നതാണ്.പ്രസ്തുത ദിവസങ്ങളിൽ അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്.നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | 2009 ജൂൺ 26, വെള്ളി. | 2009 ജൂൺ 10, ബുധൻ. | 2009 ജൂൺ 18, വ്യാഴം. |
| 2. | 2009 ജൂലൈ 17, വെള്ളി. | 2009 ജൂലൈ 1, ബുധൻ. | 2009 ജൂലൈ 9, വ്യാഴം. |

മറുപുറം

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ബുള്ളറ്റിൻ പ്രകാരം 2009 ജൂലൈ 10, 24 എന്നീ തീയതികളിൽ അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്. പ്രസ്തുത ദിവസം പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ അർഹരാകുന്ന ആദ്യത്തെ മൂന്ന് അംഗങ്ങൾക്ക് ഓരോ പ്രമേയത്തിനുവീതം നോട്ടീസ് നൽകാവുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും നറുക്കെടുപ്പിൽ അർഹരാകുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതിയും കാണിക്കുന്ന പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | അനൗദ്യോഗിക പ്രമേയങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ പേര് ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട അവസാന തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി | നറുക്ക് കിട്ടുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2009 ജൂലൈ 10, വെള്ളി. | 2009 ജൂൺ 27, ശനി. | 2009 ജൂൺ30, ചൊവ്വ. | 2009 ജൂലൈ 3, വെള്ളി. |
| 2. | 2009 ജൂലൈ 24, വെള്ളി. | 2009 ജൂലൈ 11, ശനി | 2009 ജൂലൈ 14, ചൊവ്വ | 2009 ജൂലൈ 17, വെള്ളി |

അനൗദ്യോഗിക ബില്ലുകളുടെ/പ്രമേയങ്ങളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്ന നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന തീയതികളിൽ വൈകുന്നേരം 4.00 മണിയ്ക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ (റൂം നംപർ 408) ഓഫീസ് മുറിയിൽ വച്ച് നടത്തുന്നതാണ്.

പി.ഡി. രാജൻ,
സെക്രട്ടറി .

TWELFTH KERALA LEGISLATIVE ASSEMBLY

BULLETIN – PART II
June 8, 2009

No. 489

***Ballot to determine priority of members entitled to give notice of Private Members' Resolutions and to move Private Members' Bills***

With reference to the Calendar of Sittings for the Eleventh Session of the Twelfth Kerala Legislative Assembly, Members are informed that the days allotted for transacting Private Members' Business are on 26th June 2009 and 10th, 17th, and 24th of July, 2009. As per Bulletin - Part II No. 271 dated May 10, 1993, the Business relating to Private Members' Bills will come up on the 26th of June 2009 and 17th of July 2009. The relative precedence of Members who are entitled to move Bills on the allotted days will be determined by ballot. The table showing the last date for giving notice for Bills (copy of Bills to be given) and the date of ballot is given below:

| Sl. No. | Date of discussion of Private Members' Bills | Last date for giving notice for Bills to be included in the Ballot | Date of Ballot |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | Friday, June 26, 2009 | Wednesday, June 10, 2009 | Thursday, June 18, 2009 |
| 2. | Friday, July 17, 2009 | Wednesday, July 1, 2009 | Thursday, July 9, 2009 |

As per the Bulletin mentioned in pre-para, the Business relating to Private Members' Resolutions will come up on the 10th and 24th of July 2009. The relative precedence of Members who are entitled to move resolutions on the allotted days will be determined by ballot. The members who secure the first three places in the ballot for resolutions may give notice for one resolution each.

The table showing the last date on which notice is to be given for including the names of members in the Ballot, the date of Ballot and the date before which a member who succeeds in the ballot has to give notice of the resolutions are given below:

| Sl.No. | Date of discussion of Private Members' Resolutions | Last date for giving notice of names to be included in the Ballot | Date of Ballot | Date before which notice of resolution has to be given by members who succeed in the Ballot |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | Friday, July 10, 2009 | Saturday, June 27, 2009 | Tuesday, June 30, 2009 | Friday, July 3, 2009 |
| 2. | Friday, July 24, 2009 | Saturday, July 11, 2009 | Tuesday, July 14, 2009 | Friday, July 17, 2009 |

The Ballot to determine the relative precedence of Private Members' Bills and Resolutions will be held in the Office Room of the Deputy Secretary, Legislation (Room No.408) at 4.00 p.m. on the dates mentioned in the above tables.

P.D.Rajan,
*Secretary.*